File No.STY/20013/2017-ITC2

D2

ഭരണഭാഷ – മലയാളം

നം STY/20013/2017-ITC2

സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം,
തിരുവനന്തപുരം - 695 033,
ഫോൺ0471-2785900
ഫാക്സ്: 0471 2306874.
stationerycontroller@gmail.com
20/06/2018

## സർക്കുലർ

വിഷയം : സ്റ്റേഷനറി വകുപ്പ് - TERMS സോഫ്റ്റ് വെയറിൽ 2018-19 വർഷത്തെ സ്റ്റേഷനറി സാധനങ്ങളുടെ ആവശ്യകത ചേർക്കുന്നത് സംബന്ധിച്ച്

*****************

സ്റ്റേഷനറി വകുപ്പിന്റെ TERMS സോഫ്റ്റ് വെയറിൽ ഉപഭോക്തൃ ഓഫീസുകൾക്ക് 2018-19 സാമ്പത്തികവർഷത്തെ ആവശ്യകത രേഖപ്പെടുത്താനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. TERMS സോഫ്റ്റ് വെയറിൽ ഇതിനകം രജിസ്റ്റർ ചെയ്ത ഓഫീസുകൾ http://emist.keltron.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് Task Centre എന്ന ലിങ്ക് വഴി സ്റ്റേഷനറി സാധനങ്ങളുടെ ആവശ്യകത രേഖപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന ഡാറ്റ ഉപയോഗിച്ചാണ് വാങ്ങലുകളും വിതരണവും ആസൂത്രണം ചെയ്യുന്നതെന്നതിനാൽ ഈ പ്രക്രിയയിൽ ഉപേക്ഷ വരുത്തരുതെന്ന് അപേക്ഷിക്കുന്നു.

TERMS സോഫ്റ്റ് വെയറിൽ ഇതുവരെ രജിസ്റ്റർ ചെയ്ത് പ്രൊഫൈൽ സമർപ്പിക്കാത്ത ഓഫീസുകൾ അടിയന്തിരമായി അതിനുള്ള നടപടികൾ പൂർത്തീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

അങ്ങയുടെ ഓഫീസിലും അങ്ങയുടെ ഉത്തരവാദിത്തത്തിലുള്ള ഉപ ഓഫീസുകളിലും ഇത് സംബന്ധിച്ച നിർദ്ദേശം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Signature Not Verified
Digitally signed by SHYAMALAVALLI C
Date: 2018.06.20 13:50:08 IST
Reason: Approved
CONTROLLER OF STATIONERY

സ്വീകർത്താവ്: എല്ലാ വകുപ്പ് മേധാവികളും

പകർപ്പ് :

1. എല്ലാ അസിസ്റ്റന്റ് സ്റ്റേഷനറി കൺട്രോളർമാർക്കും
2. എല്ലാ ജില്ലാ സ്റ്റേഷനറി ഓഫീസർമാർക്കും
3. സെക്രട്ടറിയേറ്റ് സ്റ്റേഷനറി ഓഫീസർ